(ബി) 2015-16 വർഷത്തെ ആറാം പ്രവൃത്തി ദിന കണക്ക് പ്രകാരം സംസ്ഥാനത്ത് ജില്ലാടിസ്ഥാനത്തിലുള്ള കുട്ടികളുടെ എണ്ണം സർക്കാർ/എയ്ഡഡ് തിരിച്ച് ചേർക്കുന്നു.

ജില്ല	സർക്കാർ	എയ്ഡഡ്
തിരുവനന്തപുരം	135838	122505
കൊല്ലം	94950	136220
പത്തനംതിട്ട	20318	60363
ആലപ്പുഴ	51706	123683
കോട്ടയം	23816	134062
ഇടുക്കി	31435	66764
എറണാകുളം	44570	187450
തൃശ്ശൂർ	60166	223916
പാലക്കാട്	117040	198251
മലപ്പുറം	237946	397783
കോഴിക്കോട്	117013	248547
വയനാട്	57737	49920
കണ്ണൂർ	74612	196545
കാസർഗോഡ്	87540	67036
ആകെ	1154687	2213045

(സി) മുൻവർഷങ്ങളെ അപേക്ഷിച്ച് എയ്ഡഡ് സർക്കാർ മേഖലയിൽ വിദ്യാഭ്യാസം തേടിയെത്തുന്നവരുടെ എണ്ണം കുറഞ്ഞുവരുന്നതായി കാണുന്നു. എന്നാൽ ഒന്നാം ക്ലാസ്സിൽ 702 കുട്ടികളുടെ വർദ്ധനവ് ഉണ്ട്. സ്കൂളുകളിലെ അക്കാദമിക പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ് ശക്തമാക്കുവാൻ എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

ഓർഫനേജുകൾക്കും പള്ളി ദർസുകൾക്കും ഖുർആൻ കോളേജുകൾക്കുമെതിരെയുള്ള നടപടികൾ

99 (T 3838) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓർഫനേജുകൾക്കും പള്ളി ദർസുകൾക്കും ഖുർആൻ കോളേജുകൾക്കുമെതിരെ സർക്കാർ സംവിധാനങ്ങൾ ശത്രുതാ മനോഭാവത്തോടെയാണ് പെരുമാറിവരുന്നതെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

(ബി) മണ്ണാർക്കാട് ദാവൂൽ ഫുൽഖാൻ കോളേജ് അടച്ചുപൂട്ടിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ ;

(സി) ദർസുകൾക്കോ ഖുർആൻ മനഃപാഠ സ്ഥാപനങ്ങൾക്കോ അനുമതി നൽകുന്നതിന് അധികാരസ്ഥാപനം നിശ്ചയിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ;

(ഡി) വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പേരിൽ ഖുർആൻ മനഃപാഠ സ്ഥാപനങ്ങളിൽ അന്വേഷണം നടത്തി പ്രയാസങ്ങൾ സൃഷ്ടിക്കുന്ന വിദ്യാഭ്യാസ വകുപ്പിന്റെയും സാമൂഹ്യനീതി വകുപ്പിന്റെയും നടപടികൾ അവസാനിപ്പിക്കാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

ഐ.എച്ച്.ആർ.ഡി.-യുടെ ടെക്നിക്കൽ സ്കൂളിലെ അദ്ധ്യാപകർ

100 (3839) ശ്രീ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എച്ച്.ആർ.ഡി.-യുടെ ടെക്നിക്കൽ സ്കൂളിലും, അപ്ലൈഡ് സയൻസ് കോളേജുകളിലും എത്ര സ്ഥിരം അദ്ധ്യാപകരുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവർ ഏതെല്ലാം സ്ഥലങ്ങളിൽ എത്ര വർഷമായി തുടരുന്നുവെന്ന് വിശദമാക്കുമോ ;

(സി) ഇവർക്ക് സമയബന്ധിതമായ സ്ഥലംമാറ്റം നടത്താറുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഡി) മലബാർ മേഖലയിലെ ഈ സ്ഥാപനങ്ങളിൽ സ്ഥിരം അദ്ധ്യാപകരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഐ.എച്ച്.ആർ.ഡി.-യിലെ ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ 40-ഉം അപ്ലൈഡ് സയൻസ് കോളേജുകളിൽ 96-ഉം സ്ഥിരം അദ്ധ്യാപകർ ഉണ്ട്.

(ബി) ഇതു സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) 2012 മുതൽ 2014 വരെ ഐ.എച്ച്.ആർ.ഡി.-യുടെ സ്റ്റാഫ് പാറ്റേണും സ്പെഷ്യൽ റൂൾസും പരിഷ്കരിക്കുന്ന നടപടികൾ കൈക്കൊണ്ടുവന്നതിനാൽ ജനറൽ ട്രാൻസ്ഫർ നടത്താൻ പറ്റിയിട്ടില്ല. നടപ്പ് വർഷം പൊതു സ്ഥലം മാറ്റത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly